കവർസ്റ്റോറി

◆

ജമീൽ അഹ്മദ്

# കണ്ണുപൊട്ടിയ ഖൗമിന്റെ കാഴ്ചപ്പെടലുകൾ

**കാഴ്ചക്ക്** എത്രയും സുഖം നൽകുന്നതാണ് ഇന്നത്തെ കേരളമുസ്‌ലിംകളുടെ സമുദായശരീരം. കോഴിയെ ഷവർമ എന്നപോലെ അതിനെ തോന്നിയപടി മുറിച്ചുകഴിക്കാൻ പാകപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ ക്യാമറയുടെ സംസ്കാരം. ഒരു വിലനിലവാരവുമില്ലാത്ത ഈ വിറ്റൊഴിക്കൽവിൽപനയിൽ മുസ്‌ലിം ഉമ്മത്തിന്റെ ലാഭമെത്ര, ചേതമെത്ര എന്ന് കണക്കുകൂട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ദൃശ്യമാധ്യമങ്ങളിലൂടെ മുസ്‌ലിം സാംസ്കാരികതക്കുനേരെ ഉയർന്ന ആക്രമണങ്ങളെ പ്രതിരോധിക്കാനും അതേ ആയുധമുപയോഗിച്ച് പ്രതികരിക്കാനും വേണ്ടിയാണ് ആധുനികതയുടെ യുക്തിബോധത്തിൽനിന്ന് ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ സിനിമ ഹറാമല്ലെന്നു സ്ഥാപിച്ചെടുക്കാൻ പണിയെടുത്തത്. കേരളത്തിലെ യാഥാസ്ഥിതിക സംഘടനകൾ വരെ ആ വിഷയത്തിൽ സമ്മതത്തിന്റെ മൗനത്തിലാണിപ്പോൾ.

ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ ആ ഹറാം നീങ്ങിക്കിട്ടിയ മലയാള മുസ്‌ലിംസമുദായം ഇന്ന് അതിന്റെ ആഘോഷത്തിമിർപ്പിലാണ്. മലബാർ മുസ്‌ലിംകളുടെ മിനിസ്ക്രീൻ കാഴ്ചകളിൽ ഇസ്‌ലാമിക സിനിമകളുടെ വരവ് പുതിയൊരു ഐറ്റംനമ്പറിനെ സൃഷ്ടിച്ചിരിക്കുന്നു. ടെലിസിനിമ എന്നാണതിനു പേര്. പൊതു മുസ്‌ലിംകളുടെ ദൃശ്യ സംസ്കാരത്തിൽ (visual culture) അത് എന്തൊക്കെ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് മുൻകൂട്ടി കണ്ടില്ലെങ്കിൽ വാരിക്കുഴികളിൽ ആനപിടിത്തക്കാർ വീണു മരിക്കുന്ന അവസാനത്തെ ദുരന്തരംഗം നാം നിസ്സഹായമായി കണ്ടുനിൽക്കേണ്ടിവരും.

ഇശലും താളവും രക്തത്തിലോടുന്ന പാരമ്പര്യം, കൊട്ടു കേട്ടിടത്തേക്കൊക്കെ മണ്ടിച്ചെന്ന് തുള്ളുന്ന ജനകീയ സംസ്കാരം, ലൊക്കേഷനാകാൻ കൊതിപ്പിക്കുന്ന ഗൃഹാലങ്കാരം, പെട്രോൾ മണി കൊഴുപ്പിച്ചെടുത്ത ഉടൽസമൃദ്ധി, മുഖം കാട്ടാനും ചില മുഖങ്ങൾ അടുത്തുകാണാനും തരപ്പെടുമെങ്കിൽ എത്രയും ഇറക്കാൻ തയാറുള്ള ലക്ഷപ്രഭുത്വം തുടങ്ങി ക്യാമറയെ ചുറ്റിപ്പറ്റി ഉപജീവനം കഴിക്കുന്ന സകല വിരുതന്മാർക്കും കേറിക്കളിക്കാൻമാത്രം സ്ഥലം കേരളത്തിന്റെ മുസ്‌ലിം സാമൂഹികത്തറയിൽ ഇന്നുണ്ട്. മലയാളസിനിമാ നിർമാതാക്കളിൽ വലിയൊരു ശതമാനം മുസ്‌ലിം പണക്കാരാണെന്നത് പുതിയ സാമുദായിക പുരോഗതികളിൽ ഊറ്റം കൊള്ളേണ്ട കണക്കാണ്. സംസ്കാരത്തിന് മുതലിറക്കുക എന്നത് പിഴച്ചതോ പാപമോ അല്ല. ഉസ്മാൻ (റ) മുതലിറക്കി വാങ്ങിക്കൊടുത്ത കിണർ കുടിപ്പിക്കുന്നത് വറ്റിപ്പോകുന്ന സാംസ്കാരിക ഞരമ്പുകളെത്തന്നെയാണ്. വക്കം അബ്ദുൽഖാദിർ മൗലവി മുതലിറക്കിയില്ലായിരുന്നുവെങ്കിൽ *സ്വദേശാഭിമാനി*യുണ്ടാകുമായിരുന്നില്ല. ആ അർഥത്തിൽ സിനിമക്ക് മുതലിറക്കുന്നതിനു പിന്നിലുള്ള പ്രചോദനമാണ് തെരയേണ്ടത്. തട്ടമിട്ട നഗ്നതകൊണ്ട് നിറക്കപ്പെട്ട ഏതാനും ചില 'ഖൽബാണ് ഫാത്വിമ'കൾ സംഗീത ആൽബങ്ങളിലൂടെയും ടെലിഫിലിമുകളിലൂടെയും പണം വാരിക്കൂട്ടുന്നുണ്ട് എന്നതൊന്നുകൊണ്ടുമാത്രമാവില്ല ഇത്രയും സന്നാഹങ്ങൾ ഇതിനുവേണ്ടി ചെലവഴിക്കപ്പെടുന്നത്. വ്യാജന്മാർ രാജാവായി വാഴുന്ന സി.ഡി വിപണിയിൽ നഷ്ടം സഹിച്ചും ഈ ഇടപാടിനിറങ്ങുന്ന ചില നിർമാതാക്കളും സംവിധായകരുമെങ്കിലും മുസ്‌ലിം സമുദായത്തെ സിനിമയെടുത്ത് നന്നാക്കിക്കളയാം എന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നുണ്ടെന്നു വേണം കരുതാൻ.

ഈ രംഗത്ത് ഇതിനകം പ്രസിദ്ധനായ സലാം കൊടിയത്തൂരിന്റെ 'നിങ്ങളെന്നെ ഭ്രാന്തനാക്കി' എന്ന രചനയാണ് ഇക്കൂട്ടത്തിൽ ആദ്യം ഉണ്ടായത്. അതിനുമുമ്പേ ഗൃഹസദസ്സുകളെ ലക്ഷ്യംവെച്ച് ചില ശ്രമങ്ങൾ ഇത്തരത്തിൽ നിർമിക്കപ്പെട്ടിരുന്നുവെങ്കിലും അത്രയും ജനപ്രീതിയും അംഗീകാരവും അവക്ക് ലഭിച്ചിരുന്നില്ല. അർഥശൂന്യമായ ഹാസ്യം, ചതുരവടിവിലുള്ള സംഭാഷണങ്ങൾ, ദീർഘമായ ഉപദേശപ്രസംഗങ്ങൾ, ഇഴഞ്ഞുനീങ്ങുന്ന കഥയും കാഴ്ചകളും, മൂന്നാംകിട സിനിമകളെ അനുകരിച്ചുകൊണ്ടുള്ള ആഖ്യാനശൈലി എന്നിവ ഈ രചനയുടെ ദോഷങ്ങളായിരുന്നെങ്കിലും അതേ ദോഷങ്ങൾകൊണ്ടുതന്നെയാണ് അതിനും അതിന്റെ പിന്മുറക്കാർക്കും അത്രയും പ്രചാരവും പിന്തുണയും കിട്ടിയത്. സലാമിന്റെ ഏഴാമത്തെ ടെലിസിനിമയാണ് ഈയിടെ പുറത്തിറങ്ങിയത്.

കാഴ്ചയിലെ ഹലാൽ ഹറാമുകളെക്കുറിച്ച് വകതിരിവുണ്ടായിരുന്ന മുസ്‌ലിം ഗൃഹസദസ്സുകളിലേക്ക് മാന്യതയോടെ ചെരിപ്പൂരി കടന്നുചെല്ലാൻ തുടക്കത്തിലേ ഇവക്ക് അനുവാദം കിട്ടി. കുടുംബസമേതം കാണാമെന്ന സർട്ടിഫിക്കറ്റോടെ പ്രസ്ഥാനപ്രവർത്തകർ വരെ പ്രദർശനവും വിപണനവും നടത്തി ഇവയെ ഘോഷിച്ചു. നേരത്തേ ഏറക്കുറെ പ്രചരിച്ചുകഴിഞ്ഞ ഈ നാടകം കവറിലിട്ട് വീട്ടലമാരയിൽ സൂക്ഷിച്ചുവെക്കാൻ കഴിഞ്ഞതിൽ സമുദായം സന്തോഷിച്ചു. ഇപ്പോൾ ഇവയിലെ കഥാപാത്രങ്ങൾ ജീവിച്ചിരിക്കുന്ന ചിലരെപ്പോലെ സമൂഹത്തിന് ചിരപരിചിതരായിരിക്കുന്നു. അവർക്ക് ജീവൻ നൽകിയവരുടെ യഥാർഥ പേരുപോലും ഇല്ലാതായിരിക്കുന്നു. സിനിമാതാരങ്ങളെ അതിശയിപ്പിക്കുന്ന ജനക്കൂട്ടം ഇവരുടെ സാന്നിധ്യം ഉണ്ടാക്കുന്നു. മലയാള സിനിമാ-നാടകചരിത്രത്തിൽ പൊതുജന സ്വീകാര്യതയിൽ

ഇത് പുതുമതന്നെയാണ്.

ഒരു തരത്തിൽ മലബാറിലെ മുസ്‌ലിംകളുടെ കലാ-സാംസ്കാരിക ചരിത്രത്തിൽതന്നെ രേഖപ്പെടുത്തേണ്ട മാറ്റമാണ് സലാം കൊടിയത്തൂരിന് സാധിച്ചത്. മലയാളനാടകത്തിന്റെ നവോത്ഥാനത്തോടൊപ്പം മുസ്‌ലിം സാംസ്കാരിക നവോത്ഥാനത്തെയും ചേർത്ത് ചരിത്രമെഴുതാൻ പാകത്തിലാണ് കോഴിക്കോട് കേന്ദ്രമാക്കിയ പഴയ മലയാള മുസ്‌ലിം നാടകങ്ങളുടെയും നാടകക്കമ്പനികളുടെയും സ്ഥാനം. മുസ്‌ലിം സാമുദായിക പരിഷ്കാരമെന്നാൽ ഇടതുപക്ഷത്തിന്റെ കിനാവിലുള്ള ചില മാറ്റങ്ങൾ ഉൾക്കൊള്ളുക എന്നതായിരുന്നു അത്തരം നാടകങ്ങൾ ഉൽപാദിപ്പിച്ച ധാരണകൾ. സ്ത്രീ വസ്ത്രധാരണം, പൊതുവിദ്യാഭ്യാസം, നായർവാമൊഴി, ആചാരവിമോചനം, മതനിരാസം, പഴമയുടെ തിരസ്കാരം, പുരോഗമനവാഞ്ഛ തുടങ്ങിയവയായിരുന്നു അടിസ്ഥാനപരമായി നവോത്ഥാനകാല മുസ്‌ലിം നാടകങ്ങളുടെ ഉള്ളിലിരിപ്പ്.

സമാനകാലത്തുതന്നെ സിനിമയിലും മുസ്‌ലിം സമുദായത്തിന്റെ സാംസ്കാരിക-മതജീവിതം ആവിഷ്കരിക്കുന്ന രചനകളുണ്ടായി. 'നീലക്കുയിൽ' മുതലേ തുടങ്ങിയ ആ ഏർപ്പാട് സൂപ്പർ ഹിറ്റായ ധാരാളം മുസ്‌ലിം പ്രമേയങ്ങൾക്ക് ജന്മംനൽകി. എന്നാൽ ഇത്തരം സിനിമകൾക്ക് നാടകങ്ങളിൽനിന്നുണ്ടായിരുന്ന പ്രധാന വ്യത്യാസം അടിസ്ഥാന പ്രമേയംതന്നെയായിരുന്നു. പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ കേവലം കഥപറയാനുള്ള പശ്ചാത്തലം മാത്രമായി സിനിമകൾ മുസ്‌ലിം സാമൂഹികജീവിതത്തെ കണ്ടപ്പോൾ സമുദായത്തിൽ നടപ്പിൽവരുത്തേണ്ട നേരത്തേ പറഞ്ഞ പരിഷ്കാരപദ്ധതികളെ ലക്ഷ്യമിട്ടായിരുന്നു നാടകങ്ങളുടെ നിർമാണം. കെ. ടി മുഹമ്മദ്, ഇ. കെ അയമു, എം. ഉസ്മാൻ തുടങ്ങിയ നാടകപ്രവർത്തകർ ഇടത്- പുരോഗമന ആശയസംഘടനകളുടെ കൊടിവാഹകർകൂടിയായിരുന്നു.

കേരളത്തിലും മിനിസ്ക്രീൻ എന്ന ദൃശ്യസംസ്കാരം ദൂരദർശന്റെ വരവാണ് ഉദ്ഘാടനം ചെയ്തത്. മലയാളം പേശുന്ന ടി.വിയാകട്ടെ മലബാറിന്റെ വീടകങ്ങളിൽ തൊണ്ണൂറുകളുടെ മധ്യംവരെ കടന്നുവന്നിരുന്നില്ല. മുസ്‌ലിം പ്രമേയങ്ങൾ പോയിട്ട് വടക്കൻകേരളത്തിന്റെ ഭാഷാപരമോ സാംസ്കാരികമോ ആയ എല്ലാ കാഴ്ചകളും മലയാളം മിനിസ്ക്രീനിൽ നിന്ന് അകറ്റിനിർത്തപ്പെട്ടു. കുടപ്പനക്കുന്നിൽ കുറ്റിയടിച്ചുപാർത്ത ചിലർ മലയാളിയുടെ കാഴ്ചയെയും കാഴ്ചപ്പാടിനെയും തകിടംമറിച്ച് തേർവാഴ്ചനടത്തി.

ഇക്കാലത്ത് മുസ്‌ലിം ആനുകാലികങ്ങളിലും ചർച്ചകളിലും ദൃശ്യമാധ്യമങ്ങളിലൂടെയുള്ള പ്രതിരോധത്തെക്കുറിച്ച സജീവമായ സംസാരം ബലപ്പെട്ടതാണ് സമുദായത്തിന്റെ ഭാഗത്തുനിന്നുള്ള കലാപരമായ ഇടപെടലുകൾക്ക് അംഗീകാരം കിട്ടാൻ കാരണമായത്. കലാരംഗത്ത് താൽപര്യമുള്ള ഒട്ടേറെ മുസ്‌ലിം ചെറുപ്പക്കാർ കനലെരിയുന്ന മനസ്സുമായി നടക്കുമ്പോഴാണ് തന്റെ നാടകത്തിന്റെ പകർപ്പുമായി സലാം കൊടിയത്തൂർ രംഗത്തെത്തുന്നത്. മലയാളത്തിൽ സാങ്കേതിക ദൃശ്യകലയുടെ ചരിത്രത്തിൽ ധീരമായ ഒരു മുദ്ര അങ്ങനെ രേഖപ്പെടുത്തപ്പെടുകയായിരുന്നു.

ഒരു ചരിത്രവസ്തു എന്ന നിലയിൽ അദ്ദേഹത്തിന്റെ രചനകളിലെ എടുത്തുപറയേണ്ട മേന്മ അതിലെ പ്രമേയങ്ങൾ സ്വീകരിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ച മനോഭാവം തന്നെയാണ്. ഇടത് പരിഷ്കാരബോധത്തിന്റെ നിലപാടിൽനിന്നുകൊണ്ട് മുസ്‌ലിംസമുദായത്തിൽ വിപ്ലവമുണ്ടാക്കാനുള്ള പഴയകാല നാടകങ്ങളുടെ ശ്രമത്തിനു പകരം ഇസ്‌ലാമികമായ നവോത്ഥാനചിന്തകളുടെ ആശയപരിസരത്തുനിന്നുകൊണ്ടാണ് സമുദായം മാറേണ്ടത് എന്ന ബോധം ബാഹ്യമായെങ്കിലും സലാമിന്റെ നിർമാണങ്ങളിൽ നിഴലിക്കുന്നുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനവുമായുള്ള ബുദ്ധിപരമായ ചാർച്ചകൊണ്ട് സ്വാഭാവികമായി സംഭവിച്ചതാണത് എന്നതും രേഖപ്പെടുത്തേണ്ടതാണ്.

ദൃശ്യമാധ്യമരംഗത്തെ ഇസ്‌ലാമിക പ്രതിരോധം എങ്ങനെയായിരിക്കണമെന്ന ആശയത്തിൽ പലവിധ വീക്ഷണങ്ങളിലൂടെയുമുള്ള സംവാദം നടന്നുകൊണ്ടിരിക്കെത്തന്നെ തന്റേതായ ശൈലിയിലും ലക്ഷ്യത്തിലുമുള്ള രചനകൾ സലാം നടത്തിക്കൊണ്ടിരുന്നു. ഇപ്പോൾ അതിൽ ഏഴാമത്തേത് പുറത്തിറങ്ങിയിരിക്കുന്നു. ഇതിനിടയിൽ സലഫി കാഴ്ചപ്പാടുകളുള്ള സംഘടനകളടക്കം ആശയപ്രചാരണത്തിന് ടെലിസിനിമകൾ ഉപയോഗിക്കാമെന്ന് തീരുമാനിക്കുകയും നടപ്പിൽവരുത്തുകയും ചെയ്തിരിക്കുന്നു. കച്ചവടത്തിന് പുതിയൊരു മാർക്കറ്റ് തുറന്നുകിട്ടിയ ആവേശത്തോടെ ധാരാളം മുതൽമുടക്കുകാർ ഇപ്പോൾ ഇടപാടിനെത്തിയിരിക്കുന്നു. മുസ്‌ലിം പെൺകുട്ടികളുടെ വേഷമിട്ട ആട്ടക്കാരികൾ ഫാത്വിമയുടെയും ആഇശയുടെയും പേരുപാടി കൂത്താടുന്ന പുതിയ മാപ്പിളമോഹിനിയാട്ടങ്ങൾ അരങ്ങുതകർക്കുകയാണ്.

ഏതെങ്കിലുമൊരു സമുദായത്തെ ആസ്പദമാക്കി നടത്തുന്ന ആവിഷ്കാരങ്ങൾ വിലയിരുത്തപ്പെടേണ്ടത് പിന്നണി പ്രവർത്തകർ അതിനോടു പുലർത്തുന്ന ശ്രദ്ധയും അതിന്റെ ലക്ഷ്യവും മുൻനിർത്തിയാണ്. ഹിന്ദുസമുദായത്തെയോ ക്രിസ്ത്യൻ സമുദായത്തെയോ സാംസ്കാരികമായോ മതപരമായോ പരിഷ്കരിച്ചേ തീരൂ എന്ന് ഉന്നംവെച്ച് കേരളത്തിലെ വിടെയെങ്കിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് സംശയകരമാണ്. ഇസ്‌ലാമല്ലാത്തവയിൽ വിശ്വസിക്കുന്ന പൊതുജനങ്ങളുടെ സാമുദായികജീവിതം മെച്ചപ്പെടുത്തുന്നതിൽ മുസ്‌ലിം സമുദായത്തിന്റെ നേർക്ക് പുലർത്തുന്നത്ര ശ്രദ്ധയും താൽപര്യവും ആരിൽനിന്നുമുണ്ടാവാറില്ല. ടി. വി ചന്ദ്രന്നും ജയരാജിനും കെ. പി രാമനുണ്ണിക്കും വരെ മുസ്‌ലിം സമുദായത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഖേദവും നിരാശയുമുണ്ട്. അതിനാലാണവരെല്ലാം സിനിമയിലൂടെയും നോവലിലൂടെയും പ്രസംഗത്തിലൂടെയും ഖൗമിനെ നന്നാക്കാൻ പാടുപെടുന്നത്. പലപ്പോഴും സമുദായത്തിന്റെ കടുത്ത നിന്ദക്കും എതിർപ്പിനുമാണ് അത്തരക്കാരുടെ ശ്രമങ്ങൾ വിധേയമായിട്ടുള്ളത്. കലാ- സാഹിത്യ മേഖലയിൽ മുസ്‌ലിംകളെ കേന്ദ്രമാക്കി നിർമിക്കപ്പെടുന്ന എല്ലാ രചനകളെയും ഭയത്തോടെയും സംശയത്തോടെയും മാത്രമേ സമുദായം സമീപിച്ചിട്ടുള്ളൂ. മുസ്‌ലിം സമുദായത്തിന്റെ പെരുമാറ്റങ്ങളെ വിശദമായും വികലമായും ചിത്രീകരിക്കുന്ന ഈ ടെലിസിനിമകളെ പക്ഷേ സമുദായം ആവേശത്തോടെ സ്വീകരിക്കുകയാണിന്ന്.

ടെലിസിനിമകളുടെ പ്രധാന പ്രത്യേകത അവയൊന്നും അളന്നുവെച്ച കളത്തിനു പുറത്തേക്ക് പേരിനുപോലും എത്തിനോക്കുന്നില്ല എന്നതാണ്. മാപ്പിള മ്യൂസിക് ആൽബങ്ങൾ ദൃശ്യത്തിലും എഡിറ്റിംഗിലുമെങ്കിലും പുതിയ പരീക്ഷണങ്ങൾക്ക് ശ്രമിക്കുമ്പോൾ ടെലിസിനിമകൾ പ്രേക്ഷകരെ ചിരിപ്പിച്ചേ അടങ്ങൂ എന്നും കരയിപ്പിച്ചേ കാര്യംപറയൂ എന്നും തീരുമാനിച്ചുറപ്പിച്ച പോലെയുണ്ട്. സമുദായത്തിന്റെ തോളിലിരുന്നുകൊണ്ടുള്ള ഈ കർണഭോജനത്തിന്റെ ബാക്കിയെന്താണെന്ന് കണക്കെടുക്കുമ്പോൾ ചില സന്ദേഹങ്ങൾ പ്രസക്തമാവുന്നുണ്ട്. മലബാറിലെ സി.ഡികടകളിൽ കമ്യൂണിസ്റ്റ് പച്ചയെപ്പോലെ കുമിഞ്ഞുകൂടുന്ന ഇത്തരം ആവിഷ്കാരങ്ങളുടെ ഉള്ളും പുറവും അറിഞ്ഞുകൊണ്ടുന്നയിക്കുന്ന ഈ ചോദ്യങ്ങളെ ഒറ്റയടിക്ക് പിന്തിരിപ്പത്തമെന്നു പഴിക്കാതെ, നിരാശനായ ഒരു കാഴ്ചക്കാരന്റെ പേടികളായാണ് പരിഗണിക്കേണ്ടത്.

ജീവിതത്തിന്റെ ദൃശ്യാവിഷ്കാരം എന്ന നിലക്ക് ഇസ്‌ലാമികമായി പാലിക്കേണ്ട ദൂരവ്യത്യാസങ്ങളെക്കുറിച്ചുള്ള ബോധം ഇത്തരം കലാപ്രകടനങ്ങളിൽ എത്ര പാലിക്കപ്പെടണം, പാലിക്കാൻ കഴിയും, പാലിക്കേണ്ടതുണ്ടോ തുടങ്ങിയ

ചോദ്യങ്ങൾ ഇപ്പോൾ ഉന്നയിക്കുന്നില്ല. മറിച്ച് കാഴ്ചയുടെ സംസ്കാരം വളർത്തുന്ന ഉൽപന്നങ്ങൾ എന്ന നിലക്ക് കേരളീയ മുസ്‌ലിമിന്റെ ദൃശ്യബോധത്തിന് (visual sense) എന്ത് അന്നമാണ് ഇവ നൽകുക എന്ന ഭയം പങ്കുവെക്കുകയാണ്. ഇങ്ങനെ ഭയക്കാൻമാത്രം അപകടകരമാണ് ഈ ടെലിസിനിമകളുടെ ആഖ്യാനശൈലിയും രൂപഘടനയും. പ്രചാരവും വിൽപനയും മാത്രം ലക്ഷ്യംവെച്ച് ഉൽപാദിപ്പിക്കുന്ന തട്ടുപൊളിപ്പൻ സിനിമകളിൽനിന്ന് പകർത്തിയ ഹാസ്യരംഗങ്ങൾ ഒട്ടിച്ചുവെച്ച് കുടുകുടാ ചിരിപ്പിച്ച് നമ്മുടെ കുടുംബപ്രേക്ഷകരെ അന്ധരാക്കി ഇവ എത്രകാലം മുന്നോട്ടുപോകും എന്ന ചോദ്യമാണ് നാം ആദ്യമുയർത്തേണ്ടത്. ക്യാമറ, എഡിറ്റിംഗ്, സംഭാഷണം തുടങ്ങിയ സാങ്കേതികതകളിലെ മികവിലെങ്കിലും ഒരാളുടെ ഏഴാമത്തെ സംരംഭത്തിലും ജടിലമായ ആവർത്തനമാണ് കാണുന്നതെങ്കിൽ കുഴപ്പം അടിസ്ഥാനപരമായി കാഴ്ചപ്പാടിന്റേതാണ്. അതാണ് കൂടുതൽ ആശങ്കപ്പെടേണ്ട വസ്തുത. കുറേ കോമാളിത്തങ്ങൾക്കിടയിലുള്ള ഹിതോപദേശ സംഭാഷണങ്ങളിൽ എത്രകാലം നമ്മുടെ ദൃശ്യമാധ്യമ പ്രതിരോധം സമാധാനിച്ചിരിക്കും?

നവ ടെലിസിനിമാക്കഥകളിലെ മുസ്‌ലിം കഥാപാത്രങ്ങളുടെയും അവയുടെ ചിത്രീകരണത്തിന്റെയും നിലവാരക്കുറവ് ഏതൊരു സാംസ്കാരികചികിത്സ ലക്ഷ്യംവെച്ചാണെങ്കിൽപോലും അസഹനീയവും അന്തസ്സാരശൂന്യവുമാണ്. അത് അങ്ങനെയായിത്തീരാൻ കാരണം അതിലെ കലയുടെ അഭാവമാണ്. കാഴ്ചയിലെ കലയെക്കുറിച്ച ധാരണയില്ലാതെ സമൂഹത്തിലെ വിഴുപ്പുകളെ പ്രദർശിപ്പിക്കുമ്പോൾ അത് അസാധുവായ അശ്ലീലമായി മാറും. കലയുടെ കൂട്ടില്ലാതെ ആവിഷ്കരിക്കപ്പെടുന്നത് എത്ര യഥാർഥമാണെങ്കിൽപോലും പരിഹാസച്ചിരിയിൽ മുങ്ങിപ്പോകുന്ന 'ഡഗഡഗ'യായി അവസാനിക്കുകയേയുള്ളൂ.

സമകാലത്ത് കേരളമുസ്‌ലിം സമുദായത്തിൽ പ്രചരിച്ച ടെലിസിനിമകളുടെയും ആൽബങ്ങളുടെയും ബഹുജനസ്വാധീനം തട്ടമിട്ട പെൺ സൗന്ദര്യത്തിന്റെ വിപണിമൂല്യത്തെ പുനർനിർണയിക്കുന്നുണ്ട്. മുണ്ടും ജംബറുമുടുത്ത ഷീലയും ജയഭാരതിയും നിന്നിടത്ത് പർദയും മഫ്തയുമിട്ട ക്ലാസ്മേറ്റുകൾ പകരം നിൽക്കുന്ന പുതുമ, സമുദായത്തിൽ ഇത്തരം ടെലിസിനിമകൾ സൃഷ്ടിച്ച ദൃശ്യസംസ്കാരത്തിന്റെ പ്രത്യക്ഷ ഫലമാണ്. പെണ്ണ് എന്നുവെച്ചാൽ വെളുത്ത മുഖവും ചുവന്ന ചുണ്ടുകളുമുള്ള സുന്ദരി എന്നാണല്ലോ 'വധു'പോലും കാട്ടിത്തന്നത്.

ക്യാമറയുടെ ചതുരത്തിനകത്ത് ഉൾക്കൊള്ളുന്ന ചിത്രങ്ങൾ ഓരോന്നും ഓരോ പാഠം നിർമിക്കുന്നു. ഒരു സീനിനുവേണ്ടി ക്യാമറക്കണ്ണ് തുറക്കുമ്പോൾ യഥാർഥ കണ്ണിന്റെ അതിരുകളില്ലാത്ത കാഴ്ചയെ സിനിമയിലേക്ക് മുറിച്ചുമാറ്റുകയാണ് സംവിധായകൻ ചെയ്യുന്നത്. ചലിക്കുന്ന ചിത്രമാകയാൽ ഓരോ നിമിഷത്തിന്റെയും ഫ്രെയിം ദൃശ്യത്തിന്റെ അർഥത്തെ പരിഷ്കരിച്ചുകൊണ്ടേയിരിക്കുന്നു. അതിനാൽ ചലച്ചിത്രമെന്ന മാധ്യമം കൈകാര്യംചെയ്യുമ്പോൾ മറ്റു കലാ മാധ്യമങ്ങളേക്കാൾ ധ്യാനവും ധാരണയും ആവശ്യമാണ്. ലോക ക്ലാസ്സിക് സിനിമകൾ കണ്ടും മനസ്സിലാക്കിയുമുള്ള പഠനപരിശീലനങ്ങളില്ലാതെ സമുദായത്തെ പകർത്തിവെക്കാമെന്നു കരുതുന്നത് സമുദായത്തോടും തന്നോടുതന്നെയും ചെയ്യുന്ന അക്രമമാണ്. നാടകത്തിന്റെ വെറുമൊരു നീട്ടിവെക്കൽ (extention) മാത്രമായി ഇതിനെ കൈകാര്യം ചെയ്യുന്നത് അബദ്ധമായി കലാശിക്കും. കൈയിൽ ഒരു ക്യാമറയും കീശയിൽ കാശും അപാരമായ ധീരതയുമുണ്ടെങ്കിൽ മുസ്‌ലിംകളെ വെച്ച് പടമെടുക്കാമെന്ന് കരുതുന്നതാണ് ഏറ്റവും വലിയ ട്രാജഡി. ആ ട്രാജഡിയുടെ അന്ത്യരംഗത്തിലാണ് മലയാള മുസ്‌ലിം ഹോം തിയേറ്റർ ഇന്ന്. ■